പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 2173 18-12-2012 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബിയിലെ ചുമതലാ നിർവ്വഹണത്തിനിടയിൽ മരണപ്പെട്ട ചന്ദ്രനും അംഗവൈകല്യം വന്ന സന്തോഷിനുമുള്ള ധനസഹായം

ചോദ്യം

ശ്രീ. പുരുഷൻ കടലുണ്ടി

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ നടുവണ്ണൂർ കെ.എസ്.ഇ.ബി സെക്ഷനിൽ 2012 ഒക്ടോബർ 3-ാം തീയതി നടന്ന അപകടത്തിൽ മരണപ്പെട്ട ഓവർസിയർ ശ്രീനിലയത്തിൽ ചന്ദ്രന്റെ കുടുംബത്തിന് സഹായധനമായി എന്ത് തുക അനുവദിച്ചിട്ടുണ്ട് ;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

(എ) നടുവണ്ണൂർ ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമരണം സംഭവിച്ച ശ്രീ. കെ.കെ. ചന്ദ്രന്റെ ആശ്രിതർക്ക്, ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ബാധകമായിട്ടുള്ള 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് 6,44,200/-രൂപ (രൂപ ആറ് ലക്ഷത്തി നാല്പത്തിനാലായിരത്തി ഇരുന്നൂറ് മാത്രം) അനുവദിക്കുകയും ടി തുക ശ്രീ.കെ.കെ.ചന്ദ്രന്റെ ആശ്രിതർക്ക് ലഭ്യമാക്കുന്നതിനു വേണ്ടി കോഴിക്കോട് എംപ്ലോയീസ് കോമ്പൻസേഷൻ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കോടതിയിൽ 05.12.2012 ന് നാദാപുരം ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ കെട്ടിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ശ്രീ. ചന്ദ്രന്റെ ആശ്രിതർക്ക് ലഭിക്കുന്നതിന് അർഹതയുണ്ട്. ആയതിനു വേണ്ടിയുള്ള രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തന്നെ ടി തുക അനുവദിക്കാവുന്നതാണ്.

കേരള സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം 8 ലക്ഷം രൂപ സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ലഭിക്കുവാനും അർഹതയുണ്ട്.

(ബി) ഇതേ അപകടത്തിൽ ഇരുകൈകളും കാലും നഷ്ടപ്പെട്ട ലൈൻമാൻ സന്തോഷിന്റെ കുടുംബത്തിന് എത്ര രൂപ സഹായ ധനമായി അനുവദിച്ചിട്ടുണ്ട് ;

(ബി) അപകടം സംഭവിച്ച ലൈൻമാനായ ശ്രീ. കെ.എം.സന്തോഷിന് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ട്. നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹത പരിശോധിക്കുവാൻ വേണ്ട വിവിധ രേഖകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ബന്ധപ്പെട്ട ഓഫീസിലേക്ക് നൽകിയിട്ടുണ്ട്. ടി രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തന്നെ അവ പരിശോധിച്ച ശേഷം 1923 -ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിനുള്ള അർഹമായ നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

(സി) ലൈൻമാൻ സന്തോഷിന്റെ ചികിത്സയ്ക്കുവേണ്ടി വൈദ്യുതി ബോർഡ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(സി) ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടം സംഭവിച്ചതാകയാൽ, ബോർഡിൽ നിലവിലുള്ള നിയമപ്രകാരം പൂർണ്ണമായ ചികിത്സാചെലവുകൾ ലഭിക്കുന്നതിന് ശ്രീ. കെ.എം. സന്തോഷിന് അർഹതയുണ്ട്. ചികിത്സാസംബന്ധമായ ബില്ലുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തന്നെ സത്വരമായി ടി തുക അനുവദിക്കാവുന്നതാണ്.

(ഡി) ചുമതലാ നിർവ്വഹണത്തിനിടയിൽ തന്റേതല്ലാത്ത കാരണത്താൽ ഇരുകൈകളും കാലും നഷ്ടപ്പെട്ട ലൈൻമാൻ സന്തോഷിന് കൃത്രിമ അവയവങ്ങൾ നൽകുന്നതിനുള്ള ചെലവ് വഹിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ?

(ഡി) കൃത്രിമ അവയവങ്ങൾ ഘടിപ്പിക്കുന്നതിനു വേണ്ടിയുള്ള ചെലവുകൾക്കായുള്ള ബില്ലുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തന്നെ ടി തുക അനുവദിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ